**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1083** — **29.09.2011 - ൽ മറുപടിക്ക്**

## റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.തോമസ് ചാണ്ടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ മൂന്നാഴ്ചയ്ക്കകം അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | മഴയിലും വെള്ളപ്പൊക്കത്തിലും തകർന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് 314.50 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിന് സംസ്ഥാനഫണ്ടിൽ നിന്നും 20.69 കോടി രൂപയും കോർപ്പറേഷൻ വക റോഡുകൾക്കായി 157.96 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ശബരിമല റോഡുകളുടെ ദീർഘകാലമെയിന്റനൻസിനായി 58.45 കോടി രൂപയും, മണ്ഡലക്കാലത്തിനു മുമ്പുള്ള അടിയന്തിര മെയിന്റനൻസിനായി 63.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബഹു.ഹൈക്കോടതി അനുവദിച്ച മൂന്നാഴ്ച കാലവധിക്കുപുറമേ മൂന്നു മാസം കൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്ന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**